**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **10-02-2025 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സോളാർ പദ്ധതി പാലക്കാട് ജില്ലയിൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 02.02.2025 വരെ 1010 ഡെവലപ്പർമാരെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തു ലിസ്റ്റ് ചെയ്തിട്ടുള്ള എല്ലാ ഡെവലപ്പർമാർക്കും പാലക്കാട് ജില്ലയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. പുതിയ ഡെവലപ്പർ മാർ പദ്ധതിയിൽ ഉൾപെടുന്നതിനു വേണ്ടി, അപ്ലൈ ചെയ്യുന്നതിനനുസരിച്ച് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.<br><br>പുരപ്പുറ സോളാർ പദ്ധതി പാലക്കാട് ജില്ലയിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ (ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ ബ്ലോക്ക് പഞ്ചായത്ത്), ഗവൺമെന്റ്, സഹകരണ സ്ഥാപനങ്ങൾ എന്നിവ വാർഷിക പദ്ധതികൾ, കേന്ദ്ര ധന സഹായ പദ്ധതികൾ, മറ്റു പദ്ധതികൾ എന്നിവയിൽ നിന്നും തുക വകയിരുത്തി ആവിഷ്കരിക്കുന്ന സൗരോർജ്ജ പദ്ധതികൾ അനെർട്ട് ഡെപ്പോസിറ്റ് വർക്ക് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഇതുവരെ **54** തദ്ദേശ സ്വയംഭരണ, ഗവൺമെന്റ്, സഹകരണ സ്ഥാപനങ്ങളിലായി ആകെ **489 kW** ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതികൾ സ്ഥാപിച്ചു. കൂടാതെ നിലവിൽ **24** സ്ഥാപനങ്ങളിലായി ആകെ **405 kW** ശേഷിയുള്ള സൗരോർജ്ജ പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അനെർട്ട് സർവ്വേ പൂർത്തിയാക്കി എസ്റ്റിമേറ്റ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനനുസരിച്ച് പ്രവൃത്തികൾ വ്യാപിപ്പിക്കുന്നതാണ്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർ, മലമ്പുഴ നിയോജക മണ്ഡലങ്ങളിലായി വനിതാ ശിശു ക്ഷേമ വകുപ്പിനു കീഴിലുള്ള **80** ഓളം |

| | | | |
|---|---|---|---|
| | | | അംഗൻവാടികളിൽ മാതൃകാ പദ്ധതിയായി അനെർട്ട് പ്ലാൻ ഫണ്ട് ചെലവഴിച്ച് 2kW വീതം ശേഷികളുള്ള 80 പുരപ്പുറ ഓൺഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ (160kW) സ്ഥാപിച്ചു. |
| (ബി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഉചിതമായ ആനുകൂല്യങ്ങൾ നൽകി പദ്ധതിയുടെ ഉപഭോക്താക്കളാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി MNRE 13.01.2025 - ലെ ഓഫീസ് മെമ്മോറാണ്ടം വഴി RESCO (Renewable Energy Service Company) മോഡലും, ULA (Utility Led Aggregation) മോഡലും, അവതരിപ്പിച്ചിട്ടുണ്ട്. ആയതു നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു, റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടി മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.<br><br>പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ്ജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് '**ഗ്രീൻ ഇൻകം സ്കീം** അഥവാ **ഹരിതവരുമാന പദ്ധതി**'. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതിവകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ, എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത്. കേന്ദ്ര സർക്കാർ സബ്സിഡിക്ക് പുറമെ ഗുണഭോക്തൃ വിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കീഴിൽ 1,700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം കൂടുതൽ വീടുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ